**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1463 — 11/08/2017 - ൽ മറുപടിക്ക്

# ബഡ്സ് സ്കൂളുകളുടെ നിലവിലെ അവസ്ഥ

| **ചോദ്യം**<br>ശ്രീ.ടി.എ.അഹമ്മദ് കബീർ | **ഉത്തരം**<br>ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കുടുംബശ്രീ മുഖേന നടപ്പിലാക്കിവരുന്ന ബഡ്സ് സ്കൂളുകളുടെ നിലവിലെ അവസ്ഥ വിശദീകരിക്കാമോ; | (എ) നിലവിൽ കുടുംബശ്രീ മുഖേന 63 ബഡ്സ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. അതിൽ മൂവായിരത്തിലധികം കുട്ടികൾ പഠിക്കുന്നുണ്ട്. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ബഡ്സ് സ്കൂളുകളെ ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം; ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ബഡ്സ് സ്കൂളുകൾക്ക് വിദ്യാർത്ഥി അനുപാതം അനുസരിച്ച് രണ്ടാമത്തെ വാഹനം വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി സ്ഥാപനങ്ങളിലെ അദ്ധ്യാപക - അനദ്ധ്യാപക ജീവനക്കാരുടെ ജീവനക്കാര്യ മാർഗ്ഗരേഖയും തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ, പുതിയ 200 ബഡ്സ് സ്ഥാപനങ്ങൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. |
| (സി) ഇതിനായി മുഴുവൻ സമയ കൺസൾട്ടന്റുമാരുടെ സേവനം നിലവിൽ ലഭ്യമാണോ; ഇല്ലെങ്കിൽ പ്രസ്തുത തസ്തിക നികത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ